# Trichur Archdiocesan Bulletin

മെയ് 2020
വാല്യം: 87 ലക്കം: 05
ESTD:1934



TAB

യോഹന്നാൻ 20: 19-23 (ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നു)

*Years of*
# PRIESTLY ORDINATION
1995-2020



ഫാ. ആലപ്പാട്ട് ഫ്രാൻസിസ്



ഫാ. ചക്കാലക്കൽ ഡേവിസ്



ഫാ. ചക്കുംപീടിക തോമസ്




ഫാ. കണിമംഗലത്തുക്കാരൻ വിൻസന്റ്



ഫാ. മൂക്കൻ റോയ്



ഫാ. വട്ടക്കുഴി ജോസ്



Trichur Archdiocesan Bulletin TAB

ESTD:1934

**മെയ് 2020**

ലക്കം: 5 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com


*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 8 |
| നാളാഗമം | 11 |
| സാമ്പത്തിക കാര്യാലയം | 14 |
| വൈദികർ | 15 |
| സന്യസ്തർ | 17 |
| വിശ്വാസ പരിശീലനം | 20 |
| സ്ഥാപനങ്ങൾ | 30 |
| സംഘടനകൾ | 37 |

830/2020 C-4
25.04.2020



തൃശ്ശൂർ അതിരൂപത

# സർക്കുലർ

ഈശോയിൽ പ്രിയപ്പെട്ട ബഹു. വൈദികരേ, സന്യസ്തരേ, വാത്സല്യ മക്കളേ,

ഉത്ഥിതനായ യേശുനാഥൻ വാഗ്ദാനം ചെയ്ത സമാധാനവും പ്രത്യാശയും ഏവർക്കും ആശംസിക്കുന്നു. കോവിഡ് 19 മഹാമാരി വരുത്തിയിട്ടുള്ള വേദനാജനകമായ ജീവിത സാഹചര്യങ്ങളിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ പരിശുദ്ധഅമ്മയുടെ വാത്സല്യമുള്ള ഹൃദയത്തോട് ചേർന്ന് നമുക്ക് ദൈവജനത്തിന്റെ ആകുലതകളെ നോക്കികാണാൻ പരിശ്രമിക്കാം.

നമ്മുടെ അജപാലന നേതൃത്വത്തിലുള്ളവർ ഇക്കാലഘട്ടത്തിൽ കാഴ്ചവച്ച ക്രിയാത്മകമായ അജപാലന പ്രവർത്തനങ്ങളെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. നമ്മുടെ വൈദികർ, കൈക്കാരന്മാർ, സമർപ്പിതർ, വിശ്വാസപരിശീലകർ, സംഘടനാ ഭാരവാഹികൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സ്ഥാപനാധികാരികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ, വിവിധ മാധ്യമ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

ങ്ങളിലൂടെ വി. കുർബാന സംലഭ്യമാക്കാനും, ആരാധന, കുരിശിന്റെ വഴി, വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള സന്ദേശങ്ങൾ, ക്വിസ് പരിപാടികൾ, പഠനങ്ങൾ തുടങ്ങിയവയിലൂടെ നമ്മുടെ ദൈവജനത്തിന് ആത്മീയപരിപോഷണം നൽകുന്നതിനും, ടെലഫോണിലൂടെയും വോയ്സ് മെസ്സേജുകളിലൂടെയും കുടുംബങ്ങളെ – പ്രത്യേകിച്ച്, കോവിഡ് ബാധിച്ചവരുടെയും ക്വാരന്റൈനിലുള്ളവരുടെയും സാമ്പത്തികബുദ്ധിമുട്ടുകളുള്ളവരുടെയും കുടുംബങ്ങളെ – സഹഗമിക്കുന്നതിനും, കുട്ടികൾക്ക് അവധിക്കാല ക്യാമ്പുകളും ആഘോഷമായ വി. കുർബാനക്കുള്ള ഒരുക്കങ്ങളും ദൈവവിളി പരിപോഷണവും ഓൺലൈനായി നൽകുന്നതിനും, യുവാക്കൾക്കു വേണ്ടി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മുൻകൈയെടുക്കുകയുണ്ടായി. ഇപ്രകാരമുള്ള സംരംഭങ്ങളിലൂടെ, സാമൂഹിക അകൽച്ചയുടെ ഈ കാലഘട്ടത്തെ, നമുക്ക് ആത്മീയ അടുപ്പവും സഭാകൂട്ടായ്മയും വിശ്വാസദൃഢതയും പരസ്നേഹ പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള അവസരമാക്കി മാറ്റുവാൻ നിങ്ങൾ നൽകിയ നേതൃത്വത്തിന് പ്രത്യേകം നന്ദി പറയുന്നു.

അതിരൂപതാ നേതൃസമിതികളിലെ പ്രതികരണങ്ങളിൽനിന്ന് മനസ്സിലാക്കുന്നതനുസരിച്ച് താഴെ പറയുന്ന അഞ്ച് സാമൂഹ്യ–സാമ്പത്തിക–മാനസിക പ്രശ്നങ്ങളാണ് കോവിഡ് 19ന്റെ പരിണതഫലമായി നാം അഭിമുഖികരിച്ചുകൊണ്ടിരിക്കുന്നത്.

1. ദിവസവേതന ജോലിക്കാർക്കുണ്ടായിട്ടുള്ള സാമ്പത്തിക ക്ലേശവും ഉണ്ടാകാനിരിക്കുന്ന തൊഴിൽ നഷ്ടവും.
2. ചെറുകിട–വൻകിട സംരഭകർക്കുണ്ടായ നഷ്ടവും തുടർപ്രവർത്തനം സാധ്യമാകാത്ത നിലയിലുള്ള സാമ്പത്തിക പ്രതിസന്ധിയും.
3. ജോലിനഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾ നേരിടാൻ ഇടയുള്ള തൊഴിലില്ലായ്മ, പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ.
4. കാർഷിക–തൊഴിൽ മേഖലകളിൽ നേരിടുന്ന പ്രതിസന്ധികൾ.
5. മേല്പ്പറഞ്ഞ അവസ്ഥകളിലൂടെ കടന്നുപോകുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും മാനസിക സംഘർഷങ്ങൾ.

മേഖലയുടെ വിവരം ശേഖരിക്കുവാനും ശ്രമിക്കണം. ഇതിന് സഹായകമാകുന്ന ഫോം പിന്നീട് അയച്ചുതരുന്നതാണ്.

6. മാനസിക പിന്തുണ ആവശ്യമുള്ളവർക്ക് സാധിക്കുന്ന കൗൺസിലിങ്ങ് സൗകര്യം ഓരോ തലത്തിലും ക്രമീകരിക്കാൻ ശ്രമിക്കണം. ഇതിനകം തന്നെ സാന്ത്വനം, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് എന്നിവ വിവിധ കൗൺസിലിങ്ങ് പരിപാടികൾ നടത്തികൊണ്ടിരിക്കുന്നുണ്ട്. അവരുടെ സഹായം നിങ്ങൾക്ക് തേടാവുന്നതാണ്.
7. അതിഥിതൊഴിലാളികളുടെ ഇടയിൽ ജൂബിലി മിഷൻ ആശുപത്രിയുടെയും പോലീസിന്റെയും സഹകരണത്തോടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് എങ്ങനെ പങ്കാളികളാകാം എന്ന് ചിന്തിക്കാവുന്നതാണ്.

### ii. തുടർപ്രവർത്തനങ്ങൾ

1. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും വേണ്ടി വീട്ടുപരിസരത്തും പറമ്പുകളിലും കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും തരിശുരഹിത ഇടവകയായി വളരുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സർക്കാർ കൃഷി വകുപ്പിൽ നിന്നും ആവശ്യമായ വിത്തുകളും സാങ്കേതിക സഹായങ്ങളും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അതിനായി അതതു സ്ഥലത്തെ കൃഷിഭവനുമായി ബന്ധപ്പെടുക.
2. ഇടവകയിൽ ഉത്പാദിപ്പിക്കുന്നവ അവിടെ തന്നെ വിറ്റഴിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിന് നേതൃത്വം നൽകുന്നത് ഉചിതമാകും.
3. നമ്മുടെ സ്ഥാപനങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ നിർമ്മിച്ചു നൽകുവാൻ കഴിയുന്നവരെ സംഘടിപ്പിച്ച് ചെറു ഉത്പാദനയൂണിറ്റുകൾ തുടങ്ങുന്നതും സഹായകമാകും. (ഉദാ. മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ)
4. സർക്കാർ സഹായങ്ങളും ലോണുകളും അർഹരായവർക്ക് ലഭ്യമാകുന്നതിന് ആവശ്യമായ നേതൃത്വം വഹിക്കേണ്ടതാണ്.
5. വലിയ സാമ്പത്തികമാന്ദ്യം നേരിടുന്ന സാഹചര്യത്തിൽ എല്ലാ മേഖലകളിലും സാമ്പത്തിക മിതത്വവും ചെലവുചുരുക്കലും പ്രാവർത്തികമാക്കേണ്ടതാണ്.


### iii. ദീർഘകാല അജപാലന ക്ഷേമപദ്ധതികൾ

1. വൈദഗ്ദ്ധ്യമനുസരിച്ച് സ്വയം സഹായകസംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും സാന്ത്വനത്തിന്റെ സഹായം തേടാവുന്നതാണ്.

2. ഇടവകയിലുള്ള പാക്ടിന്റെ നേതൃത്വത്തിൽ എല്ലാ സംഘടനകളേയും കൂടുംബകൂട്ടായ്മകളെയും വിദഗ്ദ്ധരെയും ഉൾക്കൊള്ളിച്ച് കൊണ്ട് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണം. 2020–21ലെ ഇടവക–സംഘടന–സന്യാസ സമൂഹ അജപാലന പദ്ധതി കോവഡ് 19ന്റെ പശ്ചാത്തലത്തിൽ മേൽപറഞ്ഞ പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ട് പുനർക്രമീകരിക്കേണ്ടതാണ്.
3. സാന്ത്വനം തുടക്കമിട്ട സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയായ SAVE Thrissur ലേക്ക് ഇടവകയിൽ നിന്ന് കഴിയുന്നത്ര പേരെ ഉൾകൊള്ളിക്കാൻ ശ്രമിക്കണം.
4. സംഘടനകൾ വഴി കൃഷിചെയ്യാത്ത തരിശ് ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണം.
5. ആട്, കോഴി വളർത്തൽ, മീൻകൃഷി, അടുക്കളതോട്ടം തുടങ്ങിയ പദ്ധതികളിലൂടെ സ്വയംപര്യാപ്തത നേടാൻ കുടുംബങ്ങളെ പ്രചോദിപ്പിക്കണം, സഹായിക്കണം.
6. മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കും പദ്ധതികൾക്കും പുറമേ നിങ്ങൾക്ക് മുന്നോട്ടുവയ്ക്കുവാനുള്ള ആശയങ്ങളും നിർദ്ദേശങ്ങളും അതിരൂപതാകേന്ദ്രത്തിലേക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

**iv.** ഇടവക, സ്ഥാപനം, സംഘടന, സന്ന്യാസ സമൂഹം, കുടുംബ കൂട്ടായ്മ തുടങ്ങിയ തലങ്ങളിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ചെയ്യുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അവയ്ക്കുവേണ്ടി ചില വഴിക്കുന്ന ഏകദേശ സംഖ്യയും പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതോടൊപ്പം അയക്കുന്ന ഫോറം പൂരിപ്പിച്ച് 2020 മെയ് 30ന് അയക്കേണ്ടതാണ്. അതിരൂപതയിൽ നിന്നും അവശ്യപ്പെടുന്ന സമയത്ത് തുടർപ്രവർത്തന റിപ്പോർട്ടും അറിയിക്കേണ്ടതാണ്.

ഇടവകകൾ, സ്ഥാപനങ്ങൾ, സന്യാസ സമൂഹങ്ങൾ, സംഘടനകൾ, കുടുംബ കൂട്ടായ്മകൾ, വ്യക്തികൾ ചെയ്യുന്ന സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. മേൽപറഞ്ഞ ആശയങ്ങൾ ദൈവജനത്തിന്റെ ക്ഷേമത്തിനും ശാക്തീകരണത്തിനും സഹായകമാകും വിധത്തിൽ വിശ്വാസികളെ അറിയിക്കുവാനും പ്രായോഗികമാക്കുവാനും ശ്രമിക്കുമല്ലോ.



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

മെയ് 2020

1 : ആദ്യവെള്ളി
തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ്
2 : വി. അത്തനേഷ്യസ്
: വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ
3 : **ഉയിർപ്പ് നാലാം ഞായർ**
6 : വി. ഡൊമിനിക് സാവിയോ
10 : **ഉയിർപ്പ് അഞ്ചാം ഞായർ**
മാർ അദ്ദായി
14 : വി. മത്തിയാസ് ശ്ലീഹാ
17 : **ഉയിർപ്പ് ആറാം ഞായർ**
**21 : ന. കർത്താവീശോമിശിഹായുടെ സ്വർഗ്ഗാരോഹണം**
24 : **ഉയിർപ്പ് ഏഴാം ഞായർ**
30 : പരി. കന്യകാമറിയത്തിന്റെ സന്ദർശനം
31 : **ശ്ലീഹാ ഒന്നാം ഞായർ**

**2. ശ്ലീഹാകാലം:**

പന്തക്കുസ്താത്തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽജനം വിളവെടുപ്പിനോടു ബന്ധപ്പെടുത്തി പന്തക്കുസ്താത്തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. 'പന്തക്കുസ്ത' എന്ന പദത്തിന്റെ അർത്ഥം 50 എന്നാണ് – അമ്പതാം ദിവസത്തെ തിരുനാൾ. വിളവെ



ടുപ്പിനോടനുബന്ധിച്ചുള്ള ആദ്യഫലസമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നാടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടിപ്രകാരമുള്ള ദൈവജനമായി തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയനിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷമുള്ള അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്നു പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരിശുദ്ധാത്മാവിൽ പുതിയ ഉടമ്പടിക്കു മുദ്ര വച്ചത്. ഈ ഉടമ്പടി കല്പലകകളിലല്ല, മനുഷ്യഹൃദയങ്ങളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. 'ശ്ലീഹാ' എന്ന പദത്തിന്റെ അർത്ഥംതന്നെ 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. മാമ്മോദീസായും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും "അയയ്ക്കപ്പെട്ടവർ" ആണെന്ന വസ്തുത ഇക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും ദൈവജനവുമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമസഭയുടെ ചൈതന്യവും കൂട്ടായ്മയും, സഭയുടെ പ്രേഷിതസ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റിസഞ്ചരിച്ച് പുതിയ സഭാസമൂഹങ്ങൾക്കു രൂപംകൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്,

അവിടുത്തെ നിരന്തരസഹായത്താൽ നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. ജൂബിലി ആഘോഷിക്കുന്ന വൈദികർ:**

രജത ജൂബിലി ആഘോഷിക്കുന്ന ഫാ. മൂക്കൻ റോയ്, ഫാ. ആലപ്പാട്ട് ഫ്രാൻസിസ്, ഫാ. കണിമംഗലത്തുക്കാരൻ വിൻസെന്റ്, ഫാ. വട്ടക്കുഴി ജോസ്, ഫാ. ചക്കുംപീടിക തോമസ്, ഫാ. ചക്കാലക്കൽ ഡേവിസ് എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

" പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, കാരണം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു. "

*റോമ 5:5*





# നാളാഗമം

## മാർച്ച് 2020

1 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വടക്കേ കാരമുക്ക് ഇടവകയിൽ വിശുദ്ധ ബലി അർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ വച്ചു നടന്ന പി. ആർ. ഒ. മാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. അന്നേ ദിവസം വൈകീട്ട് വടക്കേ കാരമുക്ക് പള്ളിയെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ഇടവകപള്ളിയിൽ വി. ബലിയർപ്പിക്കുകയും ചെയ്തു.

2. 55–ാം മത് ജ്ഞാനപീഠം അവാർഡ് നേടിയ പത്മശ്രീ അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാടിനെ അഭിവന്ദ്യ ടോണി പിതാവ് ആദരിക്കുകയും തൃശ്ശൂർ അതിരൂപതയുടെയും കലാസദന്റെയും ആശംസകൾ അറിയിക്കുകയും ചെയ്തു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആദ്യമായി വികാരിയായവർക്കുള്ള കോഴ്സ് ഡി.ബി.സി.എൽ.സി. യിൽ ഉദ്ഘാടനം ചെയ്തു. വൈകീട്ട് ആദ്യമായി വികാരിയായവർക്കുള്ള കോഴ്സിന്റെ ഷെയറിംഗ് സെഷനിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി

പിതാവ് മേരീമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. രൂപതയിൽ ആദ്യമായി വികാരിമാരാകുന്ന അച്ചൻമാരുടെ കോഴ്സിൽ പങ്കെടുത്തു.

5 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആദ്യമായി വികാരിയായവർക്കുള്ള കോഴ്സിൽ വൈദികരോടൊപ്പം ബലിയർപ്പിച്ചു. വൈകീട്ട് അതിരൂപത ദിനത്തിന്റെ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മർത്താക്കരയിൽ സാന്ത്വനത്തിന്റെ വീടു വെഞ്ചിരിപ്പുകർമ്മം നടത്തി. വൈകീട്ട് മങ്ങാട് എൽ.. പി. സ്ക്കൂളിന്റെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു.

7. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് കുരിയച്ചിറ പള്ളിയിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ പങ്കെടുക്കുകയും പാവങ്ങൾക്കുള്ള കാരുണ്യ ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു. വാടാനപ്പള്ളി ഫ്രാൻസിസ് സേവ്യർ സ്കൂളിലെ വാർഷികത്തിൽ റിട്ടയർമെന്റ് യോഗത്തിൽ പങ്കെടുത്തു.

8. അഭിവന്ദ്യ താഴത്ത് പിതാവ് എരനെല്ലൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമാസിൽ പബ്ലിക് അഫയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സാന്ത്വനത്തിന്റെ മഹാ വായ്പ വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാലയൂരിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് എഫ്.സി.സി. സന്ന്യാസ സമൂഹത്തിൻറെ നിത്യവൃതം നടത്താൻ ഒരുങ്ങുന്ന സിസ്റ്റേഴ്സുമായി കൂടിക്കാഴ്ച നടത്തി.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കണ്ടശ്ശാംകടവിൽ ബഹുമാനപ്പെട്ട ജോസഫ് വടക്കേത്തല അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ വി.

ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മർത്താകരയിൽ സാന്ത്വനത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ താക്കാൽ ദാന ചടങ്ങ് നിർവഹിച്ചു. ഉച്ചതിരിഞ്ഞ് പറോക്കിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പേരകത്ത് ബഹുമാനപ്പെട്ട ജോൺ ചെമ്മണ്ണൂർ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വിശുദ്ധ ബലിയർപ്പിച്ച് വൈദിക വിദ്യാർഥികളുമായി കൂടിക്കാഴ്ച നടത്തി. വൈകീട്ട് ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ ജന്മദിനത്തിൽ ടോണി നീലങ്കാവിൽ പിതാവ് അദ്ദേഹത്തെ കാണുകയും ജന്മദിനത്തിന്റെ ആശംസകൾ നേരുകയും ചെയ്തു.

“ എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും. ”

*മത്തായി 6:6*



# സാമ്പത്തിക കാര്യാലയം



**1.** Incom Tax/**12A/ 80 G രജിസ്ട്രഷൻ** :

പുതിയ Finance Act 2020 അനുസരിച്ച് സ്ഥാപനങ്ങൾ, പള്ളികൾ, സംഘടനകൾ, ട്രസ്റ്റുകൾ എന്നിവർ 12A/80G രജിസ്ട്രഷൻ 1/6/2020 തിയ്യതി മുതൽ പുതുക്കേണ്ടതാണ്.

അതുകൊണ്ട് സ്ഥാപനങ്ങൾ, പള്ളികൾ, സംഘടനകൾ, ട്രസ്റ്റുകൾ എന്നിവർ അതാത് ഓഡിറ്റർമാരെ സമീപിച്ച് പുതുക്കൽ നടപടികൾ 31/08/2020 ന് മുമ്പ് പൂർത്തീകരികണം

**ഫാ. ഡിറ്റോ കൂള**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗ്ഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ബിജു പാണേങ്ങാടൻ | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 01 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജേക്കബ് ചെറയത്ത് | 03 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. ടിന്റോ തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എറിഞ്ഞേരി മാർസിലിനോസ് | 12–05–1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09–05–1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07–05–1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10–05–1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07–05–1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20–05–1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16–05–1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25–05–1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27–05–1958 |
| ഫാ. അക്കര ജോൺ | 09–05–1963 |
| ഫാ. അറക്കൽ ജേക്കബ് | 13–05–1965 |
| ഫാ. പാറനിലം ജോസഫ് | 29–05–1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19–05–1971 |
| ഫാ. താണിക്കൽ മാത്യു | 13–05–1972 |
| ഫാ. തെക്കിനിയത്ത് ആന്റണി സീനിയർ | 05–05–1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10–05–1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20–05–1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10–05–1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15–05–1989 |
| ഫാ. മഞ്ഞളി പോൾ സീനിയർ | 11–05–1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31–05–1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23–05–1999 |
| ഫാ. ആളൂർ ജെയിംസ് | 17–05–2009 |
| ഫാ. പുലിക്കോട്ടിൽ ജേക്കബ് | 13–05–2010 |
| ഫാ. പുതുശ്ശേരി പോൾ | 18–05–2011 |
| ഫാ. കൂള ആന്റോ | 13–05–2016 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – മാർച്ച് 2020**

1. **സി.എം.സി.**

ജെറുസലേം റിട്രീറ്റ് സെന്ററിൽ നടന്ന ആറ് ദിവസത്തെ വാർഷിക ധ്യാനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും, വികർ പ്രൊവിൻഷ്യൽ സി. ക്രിസ്‌ലിനും എല്ലാ ലോക്കൽ സുപ്പീരിയേഴ്സും പങ്കെടുത്തു. 14ന് തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടന്ന പ്രൊവിൻഷ്യൽ പ്ലിനറി കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ അദ്ധ്യക്ഷം വഹിച്ചു. പ്രോവിൻസിലെ എല്ലാ ഫിനാൻസ് സെക്രട്ടറിമാർക്കും (Convent & Institutions) ഒരു ദിവസത്തെ Tally സോഫ്റ്റ് വെയർ–നെ സംബന്ധിച്ച ഒരു ട്രെയ്നിംഗ് പ്രോഗ്രാം തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് സംഘടിപ്പിച്ചു. ഏകദേശം 40 ഓളം സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു. Dr.Peter M Raj, Sri.Shaju Lonappan എന്നിവരുടെ നേതൃത്വത്തിൽ തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് സോഷ്യൽ പ്രൊമോട്ടേഴ്സ്, എമർജൻസി സെൽ, സെക്രട്ടേറിയറ്റ്, കോർഗ്രൂപ്പ് എന്നിവർക്കായി ഒരു സംയുക്ത അർദ്ധദിനസെമിനാർ സംഘടിപ്പിച്ചു. സെന്റ് മേരീസ് ഒല്ലൂർ, കാർമ്മൽ വലപ്പാട്, സെന്റ് പയസ് വേലൂപ്പാടം, ഹോളി ട്രിനിറ്റി കോലഴി എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി.

2. **എഫ്.സി.സി.**

അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 2.30–ന് പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ മീറ്റിംഗ് നടത്തി. മാർച്ച് 2–ാം തീയതി മുതൽ 19–ാം തീയതി വരെയുള്ള ദിവസങ്ങളിൽ പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ്, വെങ്ങിണിശ്ശേരി പി.എച്ച്,

വെങ്ങിണിശ്ശേരി അൽവേർണിയ, പൊറത്തൂർ ഹോളി ക്രോസ്, പുത്തൻപീടിക പാദുവ, പെരിങ്ങോട്ടുകര സെന്റ് ജോസഫ്, പെരിങ്ങോട്ടുകര സെറാഫിക്, പഴുവിൽ സെന്റ് ആന്റണീസ് എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി. വേലൂർ FATRI യിൽ 3 മാസത്തെ ഫാമിലി കൗൺസിലിംഗ് കോഴ്സിൽ സംബന്ധിച്ചുകൊണ്ടിരുന്ന സിസ്റ്റേഴ്സ് കൊറോണ വൈറസ് വ്യാപകമായതിനാൽ കോഴ്സ് അവസാനിപ്പിച്ച് തിരിച്ചു വന്നു. തൃശ്ശൂർ അതിരൂപത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത 2020മേയ് മാസത്തിൽ നിത്യവ്രതവാഗ്ദാനം നടത്തുന്ന 5 ജൂനിയർ സിസ്റ്റേഴ്സിന് പേഴ്സണൽ ഇന്റർവ്യു നടത്തി. നോമ്പുകാലത്തിൽ അനുഷ്ഠിച്ചു വരാറുള്ള പരിഹാരദിനം മാർച്ച് 14–ാം തീയതി ശനിയാഴ്ച നടത്തി. മാർച്ച് 15–ാം തീയതി ഞായറാഴ്ച സുപ്പീരിയർ ജനറൽ ബഹു. സി. ആൻജോസഫിന്റെ നിർദ്ദേശപ്രകാരം കൊറോണ വൈറസിനെ നിർമ്മാർജനം ചെയ്യാൻ എഫ്.സി.സി സഭ മുഴുവൻ ഉപവസിക്കുകയും പ്രാർത്ഥനാദിനമായി ആചരിക്കുകയും ചെയ്തു. Phase I-ലെ 7 അർത്ഥിനികൾ ഡി.ബി.സി.എൽ.സി.യിൽ നടന്നു വന്നിരുന്ന മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കി.

3. **സി.എസ്.എസ്.**

സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകപിതാവ് പെ.ബഹു. മോൺ. പോൾ ചാലിശേരിയുടെ 39–ാം ചരമവാർഷികാചരണ പരിപാടികൾക്ക് മാർച്ച് ഒന്നിന് സ്നേഹോദയ പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് തുടക്കം കുറിച്ചു. റവ ഫാ.ജോഷി കൊച്ചുകുടിയാറ്റിൽ വി.സി. ക്ലാസ് നയിച്ചു. വിവിധ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് സ്ഥാപകപിതാവിന്റെ ജീവിതത്തെ ആസ്പദമാക്കി സ്കിറ്റ് അവതരിപ്പിച്ചു. സ്ഥാപകപിതാവിന്റെ ഭൗതിക ശരീരം അടക്കം ചെയ്തിരിക്കുന്ന പുല്ലൂരിലുള്ള സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിൽ വെച്ച് 7ന് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് അനുസ്മരണ ബലി അർപ്പിച്ചു. 8–ാം തിയതി റവ. മോൺ. തോമസ് കാക്കശ്ശേരി സ്ഥാപക ചൈതന്യത്തെക്കുറിച്ചും സന്യസ്തജീവിതത്തിന്റെ ദൗത്യങ്ങളെക്കുറിച്ചും ബോധവത്കരണക്ലാസ്സുകൾ നയിച്ചു. സ്ഥാപകപിതാവിന്റെ ചരമവാർഷികദിനമായ മാർച്ച് 12ന് സ്നേഹോദയ പ്രോവിൻഷ്യൽ ഹൗസിൽവെച്ച് പാലക്കാട് രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

പിതാവ് അനുസ്മരണ ബലി അർപ്പിച്ചു. തൃശ്ശൂരുള്ള സാമൂഹ്യക്ഷേമ സംഘടനയായ ജെ.സി.എ. യുടെ സേവന പുരസ്ക്കാരത്തിന് സ്നേഹദീപ്തി സ്പെഷൽ സ്കൂൾ പ്രിൻസിപ്പൽ സി. പുഷ്പം അർഹയായി. ഭിന്നശേഷിയുള്ള കുട്ടികൾക്കായി സിസ്റ്റർ ദീർഘനാളായി ചെയ്തുവരുന്ന സേവനങ്ങളെ ആദരിച്ചുള്ളതാണ് ഈ പുരസ്കാരം. ലോകവ്യാപകമായ കോവിഡ് വൈറസിനെതിരെ പോരാടുന്നതിന് എല്ലാ ഭവനങ്ങളിലും അഖണ്ഡാരാധന നടത്തിവരുന്നു.

## ആദരാഞ്ജലികൾ



**15/03/2020– സി.എം.സി.** ചൂണ്ടൽ സാൻതോം ഭവനാംഗമായ സി.സ്റ്റില്ല നിര്യാതയായി. വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തുകയും മഠംകല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**28/03/2020– സി.എം.സി.** പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് ഭവനാംഗമായ സി. ആൻഡ്രൂസ് നിര്യാതയായി. പുതുക്കാട് വികാരി റവ. ഫാ. ജോൺസൻ ചാലിശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ എത്രയും സ്നേഹം നിറഞ്ഞ കുഞ്ഞുമക്കൾക്ക്,
നിങ്ങൾക്കെല്ലാവർക്കും സന്തോഷമാണോ എന്ന് ചോദിക്കുന്നത് ഈ സാഹചര്യത്തിൽ ശരിയല്ല എന്ന് പിതാവിന് അറിയാം. ഞാൻ നിങ്ങളോട് ഈ ചോദ്യം ചോദിക്കുകയാണെങ്കിൽ ഒരുപാട് വിഷമങ്ങളാകും നിങ്ങൾക്ക് എന്നോട് പറയാൻ ഉണ്ടാവുക. ചിലർക്ക് എന്നോട് പറയാനുണ്ടാവുക പിതാവേ, ഞങ്ങളുടെ അവധിക്കാലം നഷ്ടമായി എന്ന വിഷമാകും. എന്നാൽ മറ്റു ചിലർക്ക് പറയാനുള്ളത് പരീക്ഷകൾ ഇനിയും അവസാനിച്ചിട്ടില്ല എന്നുള്ളതും. വീട്ടിൽ കുത്തിയിരുന്നു മടുത്തു എന്ന് ചിലർക്കെങ്കിലും പറയാൻ ഉണ്ടാകും എന്ന് എനിക്കറിയാം. ഈ അവധിക്കാലത്ത് പുറത്തുപോയി കളിക്കാൻ സാധിക്കാത്തതിന്റെയും ബന്ധുക്കളുടെ വീട്ടിൽ പോകാൻ പറ്റാത്തതിന്റെയും വിഷമം നിങ്ങളിൽ ചിലർക്ക് പങ്കുവയ്ക്കാൻ ഉണ്ടാകുമെന്ന് പിതാവിന് ഉറപ്പാണ്. കുട്ടികളായ നിങ്ങളുടെ വിഷമങ്ങളും സങ്കടങ്ങളും പിതാവ് മനസ്സിലാക്കുന്നു. ഈ അവസരത്തിൽ എനിക്ക് നിങ്ങളോട് പറയാനുള്ള വചനം ഇതാണ്: റോമ 8:28 'ദൈവം എല്ലാം നന്മയ്ക്കായി പരിണമിക്കും'. അതുകൊണ്ട് നമ്മൾ വിഷമിക്കേണ്ട, സങ്കടപ്പെടേണ്ട, നിരാശരാകേണ്ട കാര്യമില്ല.

പിതാവ് നിങ്ങളോട് ഒരു കഥ പറയാൻ ആഗ്രഹിക്കുകയാണ്. ശാസ്ത്രജ്ഞനായിരുന്ന എഡിസൺ, ഫോണോഗ്രാഫ് കണ്ടുപിടിക്കുന്നതിന് കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഒരു സംഭവമുണ്ടായി. കഠിനാധ്വാനം ചെയ്താണ് എഡിസൺ ജീവിതത്തിൽ വിജയത്തോടെ ഓരോരോ കണ്ടുപിടുത്തങ്ങൾ നടത്തിയത്. വളരെയേറെ ശാസ്ത്ര നേട്ടങ്ങൾ കൈവരിക്കാൻ എഡിസനെ സഹായിച്ച സ്ഥാപനമായിരുന്നു എഡിസൻ

ഇൻഡസ്ട്രീസ്. അദ്ദേഹം തന്നെയാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഒരിക്കൽ ഈ സ്ഥാപനം അഗ്നിക്കിരയായി. ഏകദേശം 20 ലക്ഷം ഡോളർ രൂപയുടെ നഷ്ടം ഈ അഗ്നിബാധയിലൂടെ സംഭവിച്ചു. കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന ഇൻഡസ്ട്രീസ് കണ്ടിട്ട് എഡിസൺ മകനോട് പറഞ്ഞു; ഇനി ഇതുപോലൊരു കാഴ്ച കാണാൻ അവസരം കിട്ടിയില്ല എന്ന് നിന്റെ അമ്മയോട് പോയി പറഞ്ഞു നിന്റെ അമ്മയേയും കൂട്ടി കൊണ്ടുവരിക. എഡിസൺ യാതൊരു നിരാശയും കൂടാതെയാണ് തന്റെ മകനോട് ഇങ്ങനെ പറഞ്ഞത്. അടുത്ത ദിവസം കത്തിയെരിഞ്ഞ ഇൻഡസ്ട്രീസിന് അടുത്തുകൂടി നടക്കുമ്പോൾ എഡിസൺ വീണ്ടും തന്റെ മകനോട് പറഞ്ഞു. ഈ ദുരന്തത്തിന് വലിയ മൂല്യമുണ്ട്. നമ്മുടെ കുറവുകളെല്ലാം കത്തിച്ചാമ്പലായിരിക്കുകയാണ്. ഇനി പുതുതായി തുടങ്ങാൻ നമുക്ക് അവസരം ലഭിച്ചതിന് ദൈവത്തിന് നന്ദി പറയാം. ഇത്രയും പറഞ്ഞ് അച്ഛനും മകനും അവിടെനിന്നുപോയി. എന്നാൽ എല്ലാവരെയും ഞെട്ടിച്ച് തനിക്കുണ്ടായ നഷ്ടത്തിൽ നിരാശനാകാതെ മൂന്നാഴ്ച കഴിഞ്ഞപ്പോഴാണ് ഫോണോഗ്രാഫ് കണ്ടുപിടിത്തം എഡിസൺ നടത്തിയത്. അതുകൊണ്ട് ഈയൊരു സാഹചര്യത്തിൽ നിരാശരാകാതെ, മടിപിടിക്കാതെ ഉണർന്നു പ്രവർത്തിക്കുകയാണ് ചെയ്യേണ്ടത്. കോവിഡ് 19 മഹാമാരി എല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ദൈവത്തിൽ ആശ്രയിച്ച് പല വലിയ കാര്യങ്ങളും ചെയ്യാൻ കുട്ടികളായ നിങ്ങൾക്ക് സാധിക്കും.

പിതാവ് നിങ്ങളെ ഒരു വലിയ ഉത്തരവാദിത്വം ഏൽപ്പിക്കാൻ പോവുകയാണ്. കോവിഡ് 19 മഹാമാരി ലോകത്തെ മുഴുവൻ കീഴടക്കി കൊണ്ടിരിക്കുന്ന ഈ സമയത്ത് നിങ്ങൾ ലോകത്തിനു വേണ്ടി പ്രാർത്ഥിക്കണം. ലോകം മുഴുവനും വേണ്ടി മദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കാൻ പിതാവ് നിങ്ങളോട് ആവശ്യപ്പെടുകയാണ്. വാട്സാപ്പിൽ നിങ്ങൾ പല ഗ്രൂപ്പുകളിലും അംഗങ്ങളാണ്. അതുപോലെ മദ്ധ്യസ്ഥപ്രാർത്ഥന ഗ്രൂപ്പിൽ കുട്ടികളായ നിങ്ങളെല്ലാവരേയും അംഗങ്ങളായി ഞാൻ ചേർത്തിരിക്കുന്നു. നിങ്ങൾ മാധ്യമങ്ങൾ വഴവി. ബലിയിൽ പങ്കെടുക്കുമ്പോഴും കുടുംബ പ്രാർത്ഥനയിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോഴും നിങ്ങളുടെ നിയോഗം ഇതാകട്ടെ. കരുണക്കൊന്ത ചൊല്ലിക്കൊണ്ട് പ്രത്യേകമാംവിധത്തിൽ മദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്. 1917 ൽ ഫാത്തിമായിൽ 3 ഇടയമക്കളായ ലൂസിയ, ജെസീന്ത, ഫ്രാന്സിസ്കോ എന്നിവർക്ക് ഉണ്ടായ പരിശുദ്ധ അമ്മയുടെ ദർശനത്തെ പറ്റി ഞാൻ ഇവിടെ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. ദൈവികമായ ഇടപെടലുകൾ കുട്ടികൾ വഴി സംഭവിക്കുമെന്ന് ചരിത്രം

വ്യക്തമാക്കുന്നു. അതുകൊണ്ട് നിങ്ങളുടെ പ്രാർത്ഥന വളരെ വിലപ്പെട്ടതാണെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്ന മറ്റൊരുകാര്യം മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ജീവിക്കുക എന്നതാണ്. യേശുവും മാതാപിതാക്കൾക്ക് വിധേയപ്പെട്ടു കൊണ്ടാണ് ജീവിച്ചത്. "പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസത്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു" (ലൂക്കാ 2:51). നമ്മുടെ കുടുംബത്തെയും മാതാപിതാക്കളെയും ഏറ്റവും നന്നായി മനസ്സിലാക്കി ജീവിക്കേണ്ട ഒരു കാലഘട്ടമാണിത്. നമ്മുടെ കുടുംബങ്ങൾ സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടാൻ പോകുന്ന ഒരു കാലം. നമ്മുടെ മാതാപിതാക്കൾക്ക് ജോലിക്ക് പോകാൻ സാധിക്കാത്ത ഒരു സാഹചര്യം. സ്വരുക്കൂട്ടി വച്ചിരിക്കുന്ന സമ്പാദ്യം എല്ലാം തീർന്നു കൊണ്ടിരിക്കുന്ന അവസ്ഥ. നമ്മുടെ കുടുംബത്തിന്റെ അനാവശ്യ ചെലവുകൾ ഒഴിവാക്കി മാതാപിതാക്കൾക്ക് ആശ്വാസം നൽകാൻ കുട്ടികളായ നിങ്ങൾക്ക് സാധിക്കണം. കരഞ്ഞ് വാശിപിടിച്ചാൽ എത്ര ഇല്ലായ്മയിലും നമ്മുടെ ആവശ്യങ്ങൾ സാധിച്ചുതരുന്നവരാണ് നമ്മുടെ മാതാപിതാക്കൾ. പക്ഷേ നമ്മുടെ കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി നമ്മുടേതായ അനാവശ്യ ചിലവുകൾ ഒഴിവാക്കാൻ നിങ്ങൾ ശ്രമിക്കണം. നിങ്ങളുടെ ഇത്തരത്തിലുള്ള തീരുമാനങ്ങൾ മാതാപിതാക്കൾക്ക് വലിയ ആശ്വാസം പ്രദാനം ചെയ്യാൻ കാരണമാകും. ബാലനായ യേശു "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു" (ലൂക്കാ 2:52).നമുക്കും ഉചിതമായ തീരുമാനങ്ങളിലൂടെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരുവാൻ പരിശ്രമിക്കാം.

അവസാനമായി പിതാവ് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത് കൂടുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നിങ്ങളിൽനിന്ന് ഉണ്ടാകണം എന്നതാണ്. സാമുവേലിന്റെ ഒന്നാം പുസ്തകം 16–ാം അദ്ധ്യായത്തിൽ ആട് മേയിച്ചുനടക്കുന്ന ദാവീദിനെ നമ്മൾ കാണുന്നുണ്ട്. നമ്മളാൽ കഴിയുംവിധം ചെറിയ ജോലികൾ ചെയ്യാൻ ഈ കാലഘട്ടത്തിൽ നമ്മൾ പരിശ്രമിക്കണം. ഈ ലോക്ക്ഡൗൺ കാലഘട്ടത്തിലും നമ്മിൽനിന്ന് ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. അടുക്കളത്തോട്ടം, മത്സ്യകൃഷി, കരകൗശല വസ്തുക്കളുടെ നിർമ്മാണം, വീട് ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാൻ നാം മുന്നിട്ടിറങ്ങണം. നിങ്ങളുടെ ഇടവകകളിൽ ഓൺലൈൻ വഴി നടക്കുന്ന ദൈവദർശൻ ക്യാമ്പുകളിൽ താൽപര്യപൂർവ്വം

പങ്കെടുക്കണമെന്ന് പിതാവ് ഈ അവസരത്തിൽ ഓർമപ്പെടുത്തട്ടെ. ഓരോ ദിവസവും നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റവും നന്നായി ചെയ്ത് സമ്മാനാർഹരാകുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ ലോക്ക് ഡൗൺ കാലഘട്ടം വളരെ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തണം. 10,12, ഡിഗ്രി ക്ലാസ്സുകളിലെ കുട്ടികളോടുള്ള പിതാവിന്റെ അഭ്യർത്ഥന നിങ്ങളുടെ ദൈവവിളി പറ്റി ചിന്തിക്കണം എന്നതാണ്. വിവാഹം, പൗരോഹിത്യം, സന്ന്യാസം എന്നീ വിവിധ ജീവതാന്തസ്സുകളെപ്പറ്റി നിങ്ങൾ ചിന്തിക്കണം. ദൈവത്തിന്റെ വിളിക്ക് കാതോർക്കാൻ നിങ്ങൾ പ്രാർത്ഥിച്ചു ഒരുങ്ങണം. ലോകം മുഴുവൻ സേവനം ചെയ്യാൻ ധാരാളം വൈദികരെയും സമർപ്പിതരെയും ദൈവത്തിന് ഇന്ന് ആവശ്യമുണ്ട്. സമർപ്പിത ദൈവവിളികൾക്കുവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

പുതിയ അധ്യയനവർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ സമയമാണല്ലോ. മുൻവർഷങ്ങളേക്കാൾ മികച്ച വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്താം. കഴിഞ്ഞവർഷത്തിലെ വിജയികളെയും ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളെയും അവരെ പരിശീലിപ്പിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അവധിക്കാലത്ത് കുട്ടികളുടെ വിനോദത്തിനും വിശ്വാസപരിശീലനത്തിനുമായി വിവിധ ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചവർക്കും നടത്തിയവർക്കും പങ്കെടുത്തവർക്കും ഹൃദയപൂർവ്വം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ ഈ മാസത്തിൽ, പരി. അമ്മയോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം; വിശ്വാസത്തിന്റെ വഴിയിൽ മുന്നേറാം; ദൈവേഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

**1. പ്രിൻസിപ്പൽമാർ, യൂണിറ്റ് സെക്രട്ടറിമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ എന്നിവരുടെ സംയുക്ത യോഗം**

| | | |
|---|---|---|
| തിയതി | : | 2020 മെയ് 24 |
| ദിവസം | : | ഞായർ |
| സമയം | : | 02.30 PM - 4 PM |
| സ്ഥലം | : | വിശ്വാസപരിശീലനകേന്ദ്രം, DBCLC, തൃശൂർ |

**2. പുതിയ അധ്യയന വർഷം 2020–2021**

പുതിയ അധ്യയനവർഷം ജൂൺ 7–ന് ആരംഭിക്കുന്നു. അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. പുതിയ വിദ്യാർത്ഥികളുടെയും വിശ്വാസപരിശീലകരുടേയും ഡാറ്റ അഡ്മിഷനുകൾ നടത്തുമ്പോൾത്തന്നെ ശേഖരിച്ച് സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണ്.

**3. സ്കൂൾ മതബോധന, സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾ**

2020 ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

**4. പുതിയ പ്രിൻസിപ്പാൾ, ഡെപ്യൂട്ടി പ്രിൻസിപ്പാൾ, സെക്രട്ടറി, കംപ്യൂട്ടർ ഓപ്പറേറ്റർ**

പുതിയതായി നിയമിതരായിട്ടുള്ള പ്രിൻസിപ്പാൾ, ഡെപ്യൂട്ടി പ്രിൻസിപ്പാൾ, സെക്രട്ടറി, കംപ്യൂട്ടർ ഓപ്പറേറ്റർ എന്നിരുടെ പേരുവിവരം വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. **പേരും അഡ്രസും ഫോൺനമ്പറുമടക്കം** 2020 മെയ് 20–ന് മുമ്പ് വിശ്വാസപരിശീലനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം. **Catechism Software-** ലും അതുസംബന്ധിച്ച വിവരങ്ങളിലും മാറ്റം വരുത്തേണ്ടതാണ്.

അടുത്ത കോൺഫ്രൻസിൽ പുതിയവരെ പങ്കെടുപ്പിക്കുകയും വേണം.

**5. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. **പ്രത്യേകമായി കഴിഞ്ഞ വർഷവും ഈ വർഷവും വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ**

**വിശ്വാസപരിശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ പ്രിൻസിപ്പൽ കോൺഫ്രൻസിനു വരുമ്പോൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.**

**6. യൂണിറ്റുകളിൽ മാറ്റം**

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2020 മെയ് 15–ന് മുമ്പ് വിശ്വാസ പരിശീലന ഡയറക്ടറെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**7. ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിൽ (മാർഗ്ഗരേഖ** 149.13, 150 പേജ് നമ്പർ 149,150)

പ്രമോട്ടർമാരുടെ നേതൃത്വത്തിൽ **ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിൽ** മെയ് ആദ്യത്തെ ആഴ്ചകളിലായി നടത്തേണ്ടതാണ്. ഫൊറോനാ കാറ്റക്കെറ്റിക്കൽ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടല്ലൊ. 2020 മെയ് ആദ്യ ആഴ്ച്ചയിൽ തന്നെ യോഗംചേർന്ന് അതിരൂപതാ കാറ്റക്കെറ്റിക്കൽ കൗൺസിലിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കണം

**അതിരൂപതാ കാറ്റക്കെറ്റിക്കൽ കൗൺസിലിലേക്കുള്ള ഫൊറോന കാറ്റ ക്കെറ്റിക്കൽ കൗൺസിലിന്റെ പ്രതിനിധികൾ താഴെപ്പറയുന്നവരാണ്.**

**ഔദ്യോഗികാംഗങ്ങൾ**

1) ഫൊറോനാപ്രൊമോട്ടർ
2) ആനിമേറ്റർ
3) ഫൊറോനാകാറ്റക്കെറ്റിക്കൽകൗൺസിലിന്റെ സെക്രട്ടറി

**തിരഞ്ഞെടുക്കപ്പെട്ടവർ**

ഈ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന താഴെപ്പറയുന്നവർ വിശ്വാസപരിശീലനസ്റ്റാഫ് കൗൺസിലിലെ അംഗമായിട്ട് 5 വർഷമെങ്കിലും തികഞ്ഞിട്ടുള്ളവരായിരിക്കണം.

4) ഫൊറോനാകൗൺസിലിലെ പ്രിൻസിപ്പൽമാരുടെ ഒരു പ്രതിനിധി
5) ക്ലാസ്സ് 1 മുതൽ 5 ഉൾപ്പെടെയുള്ള വിശ്വാസപരിശീലകരുടെ ഒരു പ്രതിനിധി
6) ക്ലാസ്സ് 6 മുതൽ 10 ഉൾപ്പെടെയുള്ള വിശ്വാസപരിശീലകരുടെ ഒരു പ്രതിനിധി
7) ക്ലാസ്സ് 11,12, ACC വിശ്വാസപരിശീലകരുടെ ഒരു പ്രതിനിധി
8) സെക്രട്ടറിമാരുടെ ഒരു പ്രതിനിധി.

**നോമിനേറ്റഡ് അംഗങ്ങൾ**

9) ഓരോ ഫൊറോനാ കാറ്റക്കെറ്റിക്കൽ കൗൺസിലിൽനിന്നുമുള്ള പ്രതിനിധികളിൽ ചുരുങ്ങിയത് രണ്ട് സന്യസ്തരെങ്കിലും ഇല്ലെങ്കിൽ, ആ കുറവ് നികത്തുന്നതിന് ആവശ്യമായത്ര സന്യസ്തരെ ഫൊറോനയിലെ വിശ്വാസപരിശീലകരിൽനിന്ന് ഫൊറോനാ പ്രൊമോട്ടർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

10) ഓരോ ഫൊറോനാ കാറ്റക്കെറ്റിക്കൽ കൗൺസിലിൽനിന്നുമുള്ള പ്രതിനിധികളിൽ ചുരുങ്ങിയത് രണ്ട് അൽമായ അധ്യാപികമാരെങ്കിലും ഇല്ലെങ്കിൽ, ആ കുറവ് നികത്തുന്നതിന് ആവശ്യമായത്ര അൽമായ അധ്യാപികമാരെ ഫൊറോനയിലെ വിശ്വാസ പരിശീലകരിൽനിന്ന് ഫൊറോനാ പ്രൊമോട്ടർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

**ഫൊറോനാകാറ്റക്കെറ്റിക്കൽകൗൺസിൽ പ്രതിനിധികളുടെ** ലിസ്റ്റ് മെയ് 24 നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**8. ഫൊറോന പ്രൊമോട്ടർമാർ**

വിശ്വാസപരിശീലന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരുവിവരം താഴെകൊടുക്കുന്നു.

| Forane | Name | Place/Parish | Mobile |
|---|---|---|---|
| 1. Chelakkara | Fr. Kappilanirappel Jijo | Mayannur | 8547250833 |
| 2. Erumapetty | Fr. Kunnappilly Tens | Parempadam | 9400901069 |
| 3. Kandassankadvu | Fr. Punnoliparambil Jos | Eravu | 9447526996 |
| 4. Kottekad | Fr. Punnassery Jaison | Kuttur | 9447380944 |
| 5. Mattom | Fr. Chittilappilly Antony | Chittattukara | 9447615273 |
| 6. Ollur | Fr. Thekkekara Davis | Avinissery | 9846905210 |
| 7. Palayur | Fr. Chiriyankandath Prince | Perakam | 8281755899 |
| 8. Parappur | Fr. Puthur Joby | Adat | 9745378747 |
| 9. Pattikad | Fr. Muringathery Jijo | Peechi | 9447467170 |
| 10. Pazhuvil | Fr. Vadakkethala Saju | Kizhupillikkara | 9995875666 |
| 11. Pudukad | Fr. Pulikottil Jaison | Vellanikode | 9944229373 |
| 12. Puthur | Fr. Chiriyankadath Ginsen | Mannamangalam | 9562747100 |
| 13. Thrissur Lourdes | Fr. Edakkalathoor Varghese | Minor Seminary | 9656020925 |
| 14. Thrissur Dolours | Fr. Demin Tharayil | Vadukkara | 8129770698 |
| 15. Velur | Fr. Chittilapilly Joffy | Thangalur | 9447464929 |
| 16. Wadakkanchery | Fr. Palathingal Paulson | Thiroor | 9447276312 |

**9. ACC സിലബസും പാഠപുസ്തകവും**

**a) ACC Text Book:** യുവജനമതബോധനത്തിന് കത്തോലിക്കാസഭ തയ്യാറാക്കിയിട്ടുള്ള YOUCAT എന്ന പുസ്തകം ACC കോഴ്സിന്റെ 3 വർഷത്തേക്കുള്ള അടിസ്ഥാന പാഠപുസ്തകമാണ്. ഈ പുസ്തകം മലയാളത്തിലും ഇംഗ്ലീഷിലും മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്. എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

**b) Supplementary Text:** ഓരോ വർഷവും ആനുകാലിക വിഷയങ്ങളേയും മറ്റും സംബന്ധിച്ച് ഒരു ലഘുപുസ്തകവും സിലബസിൽ ഉണ്ടായിരിക്കും. അതും വിദ്യാർത്ഥികൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്. പുസ്തകം വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്.

**10. പാഠപുസ്തകവിതരണം – 2020 മെയ് 11 മുതൽ**

**2020 മെയ് 11 മുതൽ** വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

b) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് തന്നിരിക്കണം. ഇൻഡന്റ് വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇൻഡന്റ് ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. ഓർഡർ ചെയ്യുമ്പോൾ പുസ്തകങ്ങളുടെ പണം നൽകേണ്ടതില്ല; പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ആദ്യം ബില്ലുപ്രകാരം പണമടയ്ക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

**11. അധ്യാപകർക്കുള്ള ദ്വിദിന കൺവെൻഷൻ**

ഞായറാഴ്ച വിശ്വാസപരിശീലന അധ്യാപകർക്കുള്ള ദ്വിദിന കൺവെൻഷൻ ജറുസലെം ധ്യാനകേന്ദ്രത്തിൽ വെച്ച് മെയ് 30, 31 (ശനി. ഞായർ) തിയ്യതികളിൽ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത കൺവൻഷൻ നടത്താൻ കഴിയുമെന്ന പ്രതീക്ഷയിലാണ് മുന്നോട്ടുപോകുന്നത്. ആ വിധത്തിൽ ഇടവക, ഫൊറോന പരിപാടികൾ

ക്രമീകരിക്കുമല്ലൊ. ലോക്ഡൗൺ നിയന്ത്രണങ്ങൾ നിയന്ത്രണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിവായതിനുശേഷം കൺവൻഷൻ സംബന്ധിച്ച വിശദവിവരങ്ങൾ നൽകുന്നതാണ്. ഫൊറോനാതലത്തിലെ അർദ്ധദിനസെമിനാറും അതിരൂപതാതലത്തിലെ ഏകദിന സെമിനാറുകളും ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. അതിനുപകരമാണ് ഈ വർഷം കൺവെൻഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. കൺവെൻഷനിൽ പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ. ഈ ദിവസങ്ങളിൽ ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്.

**കൺവെൻഷൻ വിവരങ്ങൾ**

| | | |
|---|---|---|
| തിയതി | : | 2020 മെയ് 30, 31 |
| ദിവസം | : | ശനി, ഞായർ |
| **സമയം** | | |
| ശനി | : | 09.30 AM - 04.30 PM |
| ഞായർ | : | 09.30 AM - 03.30 PM |
| സ്ഥലം | : | ജറുസലെം ധ്യാനകേന്ദ്രം. |

എല്ലാ വിശ്വാസപരിശീലകരും കൺവെൻഷനിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പങ്കാളിത്തം അവാർഡുകൾക്കും മറ്റും പരിഗണിക്കുന്നതാണ്. വിശ്വാസപരിശീലകർക്ക് ഒരുമിച്ച് വന്നുപോകുന്നതിനുള്ള വാഹനസൗകര്യം ഏർപ്പെടുത്തുന്നത് യാത്രക്ലേശം ഒഴിവാക്കാൻ സഹായിക്കും. കൂടുതൽ അഭികാമ്യമാണ്. കൂടുതൽ വിവരങ്ങൾ പ്രിൻസിപ്പൽമാരിൽ നിന്നും ഫൊറോന പ്രമോട്ടറിൽ നിന്നും ലഭിക്കും.

## 12. യൂണിറ്റ് വിസിറ്റ്

12 ഞായറാഴ്ചകളിലായി നടത്തുന്ന യൂണിറ്റ് വിസിറ്റ് ഈ വർഷം ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 13. Std. XII - First Three Rank Holders Photos

First Rank



**Aleena P. R.**
Wadakkanchery

Second Rank



**Henna Rose Jaison M.**
Chembookavu

Third Rank



**Aneena Kuriakose**
Erumapetty

## 14. Sunday Catechism Std. XII - Rank List (Feb.-2020)

| Rank | Register No. | Student Name | Unit |
|---|---|---|---|
| 1 | 20BEL14813 | ALEENA P R | WADAKKANCHERY |
| 2 | 20BEL13306 | HENNA ROSE JAISON.M | CHEMBOOKAVU |
| 3 | 20BEL10093 | ANEENA KURIAKOSE | ERUMAPETTY |
| 4 | 20BDE11901 | GLORIA CHACKO | PALAYUR |
| 5 | 20UNW13212 | ABINA DENNY | PONNUKKARA |
| 6 | 20BEL13823 | IRENE BIJU | THRISSUR LOURDES |
| 7 | 20BEL12641 | ANLY ROBINSON | VALAPAD |
| 8 | 20BEL13805 | ALEENA P. A | THRISSUR LOURDES |
| 9 | 20UNW10930 | JISNA A R | ELAVALLY |
| 10 | 20UNW14295 | MIDHUNA SILJU | THRISSUR DOLOURS |
| 11 | 20UNW13200 | MELGA JOY | MAROTTICHAL |
| 12 | 20BDE11983 | CERIN. P. JOHN | PAVARATTY |
| 13 | 20BDE12837 | IRINE ANTO | NENMANIKKARA |
| 14 | 20BEL13369 | AVIN C BABU | MANNUTHY |
| 15 | 20UNW14272 | ALBERT K.M | THRISSUR DOLOURS |

Congratulations........

Fr. Tens Kunnappilly
Fr. Royson Kollannur
Fr. Justin Poozhikkunnel
Asst. Directors

Fr. Francis Aloor
Director

TRICHUR INSTITUTE OF THEOLOGY

GO AND PREACH TO ALL THE NATIONS

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ച കളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്ര ഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office-മായി ബന്ധപ്പെടുക.

**2. Correspondence Theology Course**

കറസ്പോണ്ടൻസ് തിയോളജിയുടെ മേയ് മാസത്തെ ക്ലാസ്സുകൾ സാധ്യതയുണ്ടെങ്കിൽ നടത്തുന്നതയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.

**3. Six Month Theology Course**

സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരിമാതാ മേജർ സെമിനാരിയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office–ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ആശ്രയയുടെ കൈതാങ്ങ്**

കിണർ വൃത്തിയാക്കുന്നതിനിടയിൽ കിണറ്റിൽ വീണ 15 വയസ്സുകാരൻ എഡ്‌വിൻ ജോസഫിന്റെ കുടുംബത്തിന് പണം പിരിച്ചു നൽകി ജൂബിലി മിഷൻ ആശുപത്രിയിലെ എം.ബി..ബി.എസ്. വിദ്യാർത്ഥികളുടെ സംഘടനയായ 'ആശ്രയ' മാതൃകയായി. അതിഗുരുതരമായ പരിക്കുകളോടെ അഡ്മിറ്റായ എഡ്‌വിൻ അതിതീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടിരുന്നു. ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ സംഘടനയായ ആശ്രയ ചാരിറ്റബിൾ സൊസൈറ്റി വർഷങ്ങളായി പാവപ്പെട്ട രോഗികൾക്ക് മരുന്നുകളും വസ്ത്രങ്ങളും നൽകിവരുന്നു.

2. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- കേരളത്തിലെ കോവിഡ് ആശുപത്രികളിൽ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനും, സാങ്കേതികസഹായവും, സഹകരണവും നൽകുന്നതിനും വേണ്ടി ജൂബിലി മിഷൻ ആശുപത്രിയിലെ സീനിയർ ക്വാളിറ്റി ഓഡിറ്ററായ ഡോ. നിമിഷ സോളമൻ തെരെഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന സർക്കാരിനെ സഹായിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാക്കിയ ഈ പദ്ധതിയിൽ തൃശ്ശൂരിൽനിന്നും നോൺ ഗവൺമെന്റ് വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക NQAS അസ്സസ്സർ ആണ് ഡോ. നിമിഷ.
- ബാംഗ്ലൂരുവിലെ നിംഹാൻസിൽ നടന്ന എം.ഡി.എസ്. ഏഷ്യ–ഓഷ്യാന ഡിസോർഡർ കോൺഫറൻസിൽ, വീഡിയോ ക്വിസിൽ ന്യൂറോളജി വിഭാഗത്തിലെ സീനിയർ റസിഡന്റ് ഡോ. സാബു ജോർജ്ജ് മൂന്നാം സ്ഥാനം നേടി.

3. **മെഡിക്കൽ ക്യാമ്പുകൾ**

- തൃശ്ശൂർ അതിരൂപതയുടെ സന്നദ്ധസംഘടനയായ സ്വാന്തനവും തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനുമായി ചേർന്ന് ജൂബിലി മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ കുടിയേറി പാർക്കുന്ന ജോലിക്കാ രുടെ മെഡിക്കൽ ക്യാമ്പ് 2020, ഏപ്രിൽ 3 മുതൽ ഏപ്രിൽ 25 വരെ സംഘടിപ്പിച്ചു. 17 ദിവസങ്ങളിലായി 81 ക്യാമ്പുകളിലായി 3021 ഓളം ആളുകളെ ക്യാമ്പിൽ ശുശ്രൂഷിച്ചു.

4. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് മേരീസ് ചർച്ച്, കാറ്റകീസം, വെങ്ങിണിശ്ശേരി, തൃശ്ശൂർ (35 ഡയാലിസിസ്)
- ശ്രീ. എ. വി. ചെറിയാൻ, അബൂക്കൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ 35 ഡയാലിസിസ്)

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി സെൽബീന, C/o എം. കെ. ജോസഫ്, മൈലിപ്പാടം, തൃശ്ശൂർ
- ഫാ. ആന്റോ ചിറയത്ത്, സെന്റ് ജോസഫ് ചർച്ച്, കുണ്ടുക്കാട്, തൃശ്ശൂർ

6. **ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ചാക്കോ, വെള്ളാനിക്കാരൻ ഹൗസ്, മരിയാപുരം, തൃശ്ശൂർ

7. **കൺമണിക്കൊരുകരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. എ.വി. ചെറിയാൻ, അബൂക്കൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

1. **മാസ്ക് നിർമ്മാണവും വിതരണവും**

സാന്ത്വനത്തിന്റെയും KCYM സംഘടനയുടെയും നേതൃത്വത്തിൽ മൂന്ന് ഘട്ടമായി രണ്ട് ലക്ഷത്തി അമ്പതിനായിരം മാസ്കുകൾ

നിർമ്മിച്ചു നൽകുന്നു. അതിൽ ഒരു ലക്ഷത്തി അമ്പതിനായിരം മാസ്കുകൾ പോലീസ് സ്റ്റേഷനുകൾ, ഗവൺമെന്റ് ഓഫീസുകൾ, ആശുപത്രികൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് വിതരണം ചെയ്തത്. മാസ്ക് നിർമ്മാണത്തിൽ വിവിധ സമർപ്പിത സമൂഹ ങ്ങളിലെ ബഹു.സിസ്റ്റേഴ്സിന്റെയും യുവജനങ്ങളുടെയും സ്തുത്യർമായ സേവനം നന്ദിയോടെ സ്മരിക്കുന്നു.

2. **സാനിറ്റൈസർ നിർമ്മാണവും വിതരണവും**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ CLC സംഘടനയുടെ സഹകര ണത്തോടെ 50 ലിറ്റർ സാനിറ്റൈസർ നിർമ്മിച്ച് പൊതുസ്ഥലങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വിതരണം ചെയ്തു.

3. **ടെലികൗൺസലിങ്ങ്**

സാന്ത്വനവും, ജൂബിലി മിഷൻ മെഡിക്കൽകോളേജിലെ ക്ലിനി ക്കൽ സൈക്കോളജി വിഭാഗവും ചേർന്ന് ഫോൺ മുഖേന കൗൺസലിങ്ങ് നടത്തുന്നു. ലോക്ഡൗൺ മൂലം കഷ്ടപ്പെടുന്ന കുടുംബങ്ങൾ, ക്വാറന്റൈനിൽ കഴിയുന്നവർ, രോഗബാധിതർ, മദ്യാസക്തിയുള്ളവർ, ജോലി നഷ്ടപ്പെട്ടവർ തുടങ്ങിയവരെ കേൾക്കാനും അതിലുപരി അവരെ മാനസീക സമ്മർദ്ധത്തിൽനിന്ന് കരകയറ്റാനും വേണ്ടിയാണ് ടെലികൗൺസലിങ്ങ്. ഇതിനായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ സൈക്കോ ളജിയിലെ വിവിധ ഡോക്ടർമാരും സൈക്കോളജിസ്റ്റുകളും സേവ നമനുഷ്ഠിക്കുന്നു.

4. **പലവ്യഞ്ജനകിറ്റുകൾ വിതരണം ചെയ്തു**

സാന്ത്വനവും തൃശൂർ അതിരൂപതയും ചേർന്ന് 5000 പലവ്യഞ്ജ നകിറ്റുകൾ തൃശൂർ ജില്ലയിലെ വിവിധ മേഖലകളിലെ കുടുംബ ങ്ങൾക്ക് വിതരണം ചെയ്യുന്നു. 4500 കിറ്റുകൾ ഇതിനോടകം വിത രണം ചെയ്തു.

സാന്ത്വനത്തിന്റെയും സ്ലം സർവ്വീസ് സെന്ററിന്റെയും നേതൃത്വ ത്തിൽ കൊട്ടേക്കാട് കുണ്ടുകുളം ഗ്രാമത്തിലും വരടിയം പാപ്പാ നഗറിലുമായി 117 കുടുംബങ്ങൾക്ക് പലവ്യഞ്ജനകിറ്റുകൾ വിത രണം ചെയ്തു.

മുല്ലശ്ശേരി നല്ല ഇടയൻ ഇടവകയും സാന്ത്വനവും ചേർന്ന് മുല്ല ശ്ശേരി പഞ്ചായത്തിലെ 150 ഇതരസംസ്ഥാന തൊഴിലാളി കുടും ബങ്ങൾക്ക് പലവ്യഞ്ജനകിറ്റുകൾ വിതരണം ചെയ്തു. മുല്ല ശ്ശേരി ദേവാലയത്തിന്റെ അങ്കണത്തിൽ നടന്ന ചടങ്ങിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, ഇടവക വികാരി ഫാ.ഡേവിസ് പനങ്കുളം എന്നിവർ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.

എ. പി. ബെന്നിക്ക് കിറ്റുകൾ കൈമാറി ഉദ്ഘാടനം ചെയ്തു. ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 1–ാം വാർഡിലെ 25 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വേണ്ടി ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.മുഷ്താഖ് അലി പലവ്യഞ്ജനകിറ്റുകൾ ഏറ്റുവാങ്ങി.

5. **മെഡിക്കൽ ക്യാമ്പ് നടത്തി**

സാന്ത്വനത്തിന്റെയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും നേതൃത്വത്തിൽ ജില്ലയിലെ വിവിധ മേഖലകളിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി സൗജന്യ മെഡിക്കൽക്യാമ്പ് നടത്തി.തദവസരത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ഡയറക്ടർ ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസി.ഡയറക്ടർ.ഫാ.ടിജോ മുള്ളക്കര, സാന്ത്വനം ഡയറക്ടർ ഫാ.ജോയി മൂക്കൻ, അസോ.ഡയറക്ടർ.ഫാ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ.സിന്റോ തൊറയനും ഈ മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകി. ഇതിനോടകം ജില്ലയിലെ 81 സ്ഥലങ്ങളിലായി 3026 തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു. അവർക്കാവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു. തദവസരത്തിൽ 10 തൊഴിലാളികൾക്ക് കൊവീഡ് –19 രോഗലക്ഷണങ്ങൾ കണ്ടെത്തുകയും അവരെ ക്വാറന്റൈനിലേക്ക് അയക്കുവാൻ ആരോഗ്യവകുപ്പിനെ അറിയിക്കുകയും ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ 12 ഡോക്ടർമാരും നേഴ്സുമാരും സാന്ത്വനം സന്നദ്ധ പ്രവർത്തകരും ഇതിനായി സേവനമനുഷ്ഠിച്ചു.

6. **ട്രാൻസ്ജെൻഡേഴ്സിന് പലവ്യഞ്ജനകിറ്റുകൾ വിതരണം**

തൃശൂർ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത ട്രാൻസ് ജെൻഡേഴ്സിന് സാന്ത്വനം 21 പലവ്യഞ്ജനകിറ്റുകൾ വിതരണം ചെയ്തു. ജോലി ക്ഷാമം നേരിടുന്ന ഈ പ്രത്യേക സാഹചര്യത്തിൽ അവർക്ക് 26000/– രൂപയുടെ ചെറിയ സാമ്പത്തിക സഹായം നല്കിയും സഹായിച്ചു.

7. **പോലീസുദ്യോഗസ്ഥരേയും ആരോഗ്യപ്രവർത്തകരെയും ആദരിച്ചു**

ലോകം മുഴുവൻ കൊറോണ വൈറസിനോട് പോരാടുന്ന ഈ സാഹചര്യത്തിൽ ഏറ്റവും കൂടുതൽ നമുക്ക് വേണ്ടി കഷ്ടപ്പെടുന്ന പോലീസുദ്യോഗസ്ഥരേയും ആരോഗ്യപ്രവർത്തകരെയും ആദരിക്കുന്നതിന്റെ ഭാഗമായി ഈസ്റ്റർ ദിനത്തിൽ സാന്ത്വനവും കുടുംബകൂട്ടായ്മ കേന്ദ്ര സമിതിയും ചേർന്നു ഭക്ഷണപായ്ക്കറ്റുകൾ

നല്കി. 700 പോലീസുകാർക്കും ആരോഗ്യപ്രവർത്തകർക്കുമാണ് ഈസ്ററർ ദിനത്തിൽ ഭക്ഷണം കൈമാറിയത്. മാർ ആൻഡ്രൂസ് താഴത്ത്, കേരള ചീഫ് വിപ്പ് കെ. എ. രാജൻ, മാർ ടോണി നീല ങ്കാവിൽ, തൃശൂർ പോലീസ് കമ്മീഷണർ ആദിത്യ IPS, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ എന്നിവർ സന്നിഹിതരാ യിരുന്നു.

**8. കാൻസർ രോഗികൾക്ക് അവശ്യകിറ്റ് വിതരണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം കാൻസർ സുരക്ഷായ ത്നത്തിന്റെ ഭാഗമായി ഭക്ഷ്യ പോഷകാഹാരകിറ്റ് വിതരണം ചെയ്തു. കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്നാണ് തൃശ്ശൂർ ജില്ലയിലെ 500 കാൻസർരോഗികൾക്ക് കിറ്റ് വിതരണം നടത്തിയത്.

**9. അഗതിമന്ദിരങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നല്കി**

ലോക്ഡൗൺ മൂലം ദുരിതമനുഭവിക്കുന്ന ജില്ലയിലെ 25 അഗതി മന്ദിരങ്ങൾക്ക് സാന്ത്വനം, ഭക്ഷ്യധാന്യങ്ങൾ നൽകി സഹായിച്ചു.

**10. സന്നദ്ധ പ്രവർത്തനങ്ങളുടെ വിവരങ്ങൾ**

ഫാ. സാജൻ മാറോക്കി, ഫാ. ജിന്റോ കുറ്റിക്കാട്ടിൽ, ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ, ഫാ. പോൾ മാളിയമാവ് എന്നിവരുടെ നേതൃത്വത്തിൽ കോവിഡ്–19 നോട് അനുബന്ധിച്ച് തൃശ്ശൂർ രൂപ തയിലെ ഓരോ ഇടവകയിൽ നടത്തിയ സന്നദ്ധ പ്രവർത്തനങ്ങ ളുടെ വിവരങ്ങൾ ശേഖരിച്ചു.

**11. വളണ്ടിയേഴ്സിന്റെ രജിസ്ട്രഷൻ**

കോവിഡ്–19 നോട് അനുബന്ധിച്ച് തൃശ്ശൂർ രൂപതയിലെ ഓരോ ഇടവകയിൽ നിന്നും സാന്ത്വനത്തിന്റെ സന്നദ്ധ പ്രവർത്തനങ്ങൾ സഹകരിക്കാൻ മുന്നോട്ട് വന്ന വളണ്ടിയേഴ്സിന്റെ രജിസ്ട്രഷൻ സാന്ത്വനത്തിന്റെ പ്രത്യേക സൈറ്റിൽ നടത്തി. SAVE TEAM (Santhwanam Archdiocesan Volunteers at Emergency) എന്നാണ് ഇതിനു പേരിട്ടിരിക്കുന്നത്.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോ.ഡയറക്ടർ

**ഫാ. സിന്റൊ തൊറയൻ**
അസി. ഡയറക്ടർ




1. **ഉയിർപ്പു തുരുന്നാൾ പോലീസ് സേനയ്ക്കൊപ്പം**
ഉയിർപ്പു തിരുന്നാളിനോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത സാന്ത്വന ത്തിന്റെയും കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെയും നേതൃത്വ ത്തിൽ കോവിഡ് പശ്ചാത്തലത്തിൽ സ്തുത്യർഹമായി സേവനം ചെയ്യുന്ന പോലീസ് സേന അംഗങ്ങൾക്കും ആരോഗ്യ പ്രവർത്ത കർക്കുമുള്ള ആദരവിനോടനുബന്ധിച്ച് ഈസ്റ്റർ ഭക്ഷണം അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ചേർന്ന് സർക്കാർ ചീഫ് വിപ്പ് ശ്രീ. കെ. രാജൻ, പോലീസ് കമ്മീഷണറായ ശ്രീ. ആദിത്യ കജട എന്നിവർക്ക് കൈമാറി. തദവസരത്തിൽ അഇജ ശ്രീ. രാജൻ, ആരോഗ്യ പ്രവർത്ത കർ, മറ്റ് പോലീസ് അധികാരികൾ എന്നിവർ സന്നിഹിതരായിരുന്നു. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, കുടുംബകൂട്ടായ്മ ഡയ റക്ടർ ഫാ. ഡെന്നി താണിക്കൽ, ഫാ. ഡിറ്റൊ കൂള, ശ്രീ. ടോജോ മാത്യു, കൂടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. പോൾ പാറ യ്ക്കൽ, ജനറൽ സെക്രട്ടറി ശ്രീ. ഷിന്റോ മാത്യു, ജോ. കൺവീനർ ശ്രീ. ജെയ്സൻ മാണി എന്നിവർ നേതൃത്വം കൊടുത്തു.
2. **മീഡിയ കത്തോലിക്കയൊടൊപ്പം കുടുംബകൂട്ടായ്മയും മാതൃ വേദിയും**
ലോക്ക് ഡൗൺ കാലത്ത് ദേവാലയങ്ങൾ അടഞ്ഞുകിടക്കുന്നതിന്നാൽ വിശ്വാസികൾക്ക് വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനായി മീഡിയ കത്തോലിക്കയുടെ നേതൃത്വത്തിൽ അതിരൂപത കേന്ദ്രത്തിൽ നിന്ന് സംപ്രേക്ഷണം ചെയ്യുന്ന തൽസമയ കുർബാനയുടെ ലിങ്ക് കൈമാറ്റം എല്ലാ ഇടവകകളിലേക്കും യൂണിറ്റുകളിലേക്കും കുടും ബകൂട്ടായ്മ വാട്ട്സ് അപ്പ് ഗ്രൂപ്പിലേക്കും മാതൃവേദി വാട്ട്സ് അപ്പ് ഗ്രൂപ്പിലേക്കും മുടങ്ങാതെ അയച്ചുകൊണ്ട് അതിരൂപത കുടുംബകൂ ട്ടായ്മ ഭാരവാഹികളും അതിരൂപത മാതൃവേദി ഭാരവാഹികളും

വളരെ സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുന്നു.

3. **കുണ്ടുകുളം പിതാവിന്റെ സ്മരണ പുതുക്കി**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ മാർ ജോസഫ് കുണ്ടുകുളത്തിന്റെ 22–ാം ചരമവാർഷികം ആചരിച്ചു. ഇതിന്റെ ഭാഗമായി അത്താണി പോപ്പ് പോൾ മേഴ്സി ഹോം സന്ദർശിച്ച് അന്തേവാസികൾക്ക് ആവശ്യമായ അരിയും പല വ്യഞ്ജനങ്ങളും മേഴ്സി ഹോം ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ടിന് കൈമാറി.

അതിരൂപത കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, ജനറൽ കൺവീനർ പോൾ പാറയ്ക്കൽ, ജനറൽ സെക്രട്ടറി ഷിന്റോ മാത്യു, ജോയിന്റ് ജനറൽ കൺവീനർമാരായ ജെയ്സൺ മാണി, കേണൽ റെജീന പി.എഫ്., കമ്മിറ്റിയംഗം കെ.എ. ചാർളി എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ




# സി.എൽ.സി.

1. **സാനിറ്റൈസർ നിർമ്മിച്ചു വിതരണം ചെയ്തു**

ലോകമെമ്പാടും കോവിഡ് വ്യാപനത്തെ കുറിച്ചുള്ള ആശങ്കകൾ പരക്കുമ്പോൾ തൃശൂർ അതിരൂപതയിൽ നിന്നും ആശ്വാസ വാർത്ത. കോവിഡ്19 വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത സി എൽ സിയും അതിരൂപത സ്വാന്തനവും സംയുക്തമായി സാനിറ്റൈസർ നിർമ്മിച്ചു നൽകി. സ്വാന്തനം അതിരൂപത ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അതിരൂപത സി എൽ സി പ്രൊമോട്ടർ

ഫാ. ജിയോ തെക്കിനിയത്ത്, പ്രസിഡന്റ് ജോമി ജോൺസൺ, സക്രെട്ടറി ജെസ്വിൻ സാജു, വൈസ് പ്രസിഡന്റ് ഡോംസൻ സൈമൺ, ജോ. സക്രെട്ടറി ജീസോ ലോനപ്പൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം നോബി മേനാച്ചേരി എന്നിവർ നേതൃത്വം നൽകി.

ആദ്യ ഘട്ട നിർമ്മാണത്തിനു ശേഷം സാനിറ്റൈസറുകൾ കൊറോണ പ്രതിരോധത്തിനു ജില്ലയിൽ നേതൃത്വം നൽകുന്ന തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിത ജയരാജൻ കോർപ്പറേഷൻ ഓഫീസിലും, തൃശ്ശൂർ പോലീസ് കമ്മീഷണർ ആർ ആദിത്യ ഐ പി എസ് കമ്മീഷണർ ഓഫിസിലും വെച്ചു ഏറ്റുവാങ്ങി. സാനിറ്റൈസറുകളുടെ ദൗർബല്യം അനുഭവപ്പെടുന്ന അവസരത്തിൽ ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമെന്നു ഇരുവരും അഭിപ്രായപ്പെട്ടു. രണ്ടാം ഘട്ട നിർമ്മാണത്തിനു ശേഷം സാനിറ്റൈസറുകൾ ജില്ലയുടെ റേഷൻ അരിയും മറ്റും വിതരണം ചെയ്യുന്ന ധാന്യപുരയായ കുരിയച്ചിറയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ വെച്ചു എൻ.എഫ്.എസ്.എ ഓഫിസർ ശ്രീ. കൃഷ്ണദാസും ജില്ലയിലെ ഏത് അടിയന്തിര സാഹചര്യങ്ങളിലും സുസജ്ജരായ ഫയർഫോഴ്സ് ടീമിനു വേണ്ടി അസിസ്റ്റന്റ് സ്റ്റേഷൻ ഓഫിസർ ബഹു. അനിൽകുമാർ സാറും, വടക്കൻ ജില്ലകളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരെയും ലോക്ക്ഡൗണിൽ പുറത്തിറങ്ങുന്നവരെയും പുഴക്കൽ പാലത്തിനടുത്ത് കർശന പരിശോധനക്ക് വിധേയരാക്കുന്ന പോലീസ് ടീമിന് വേണ്ടി പേരാമംഗലം എസ് ഐ വിജയൻ സാറും, ബാങ്കിങ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തൃശൂർ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. അജിത് ചാക്കോയും, തൃശൂർ അതിരൂപതയിലെ വിശുദ്ധവാര തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നവർക്ക് വേണ്ടി ലൂർദ് കത്തീഡ്രൽ വികാരി ഫാ. ജോസ് ചാലക്കലും ഏറ്റുവാങ്ങി.

2. **ആവശ്യവസ്തുക്കളുടെ കിറ്റുകൾ**

കോവിഡ്19 വൈറസ് വ്യാപനത്തിന്റെ ഭാഗമായി ലോക്ക്ഡൗണിൽ കഷ്ടത അനുഭവിക്കുന്നവർക്ക് തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സ്വാന്തനം സംഘടനയിലൂടെ നൽകപ്പെടുന്ന കിറ്റുകൾ ഒരുക്കി അവ കൃത്യമായി പാക്ക് ചെയ്തു വിതരണം ചെയ്യുന്ന തിരക്കിലാണ് തൃശ്ശൂർ അതിരൂപത സി എൽ സി പ്രവർത്തകർ.

രണ്ടായിരതിലധികം കിറ്റുകൾ ഇതിനോടകം തന്നെ വിതരണം ചെയ്തു കഴിഞ്ഞ ഈ പദ്ധതിയിലൂടെ ലോക്ക്ഡൗൺ കാലഘട്ടത്തിൽ അനേകം പേർക്ക് ആശ്വാസമേകുവാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഇരു സംഘടനകളും. വരും ദിവസങ്ങളിലും കൂ

ടുതൽ അവശ്യ വസ്തുക്കളുടെ പാക്കിങ്ങും വിതരണവും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

സ്വാന്തനം അതിരൂപത ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അതിരൂപത സി എൽ സി പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, പ്രസിഡന്റ് ജോമി ജോൺസൺ, അസി. പ്രൊമോട്ടർ ഫാ. ജിക്സൻ, സെക്രട്ടറി ജെസ്വിൻ സാജു, ട്രഷറർ ഐജോ പൊറത്തൂർ, ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ് വൈസ് പ്രസിഡന്റ് ഡോംസൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ നോബി മേനാച്ചേരി, ഗോഡ്സൻ, അജിത്, ജെറിൻ, ലിന്റൻസ്, ലൂർദ് ഫൊറോന പ്രസിഡന്റ് റോയിഡ് എന്നിവരടങ്ങുന്ന ടീം നേതൃത്വം നൽകി.

3. **ഫോർമേഷൻ ക്യാമ്പ് മാറ്റിവച്ചു**

മെയ് മാസത്തിൽ നടത്താൻ ഇരുന്ന ഫോർമേഷൻ ക്യാമ്പ് , ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ചു മാറ്റി വച്ചു . പുതിയ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




**1. ലോക്ഡൗൺ പശ്ചാത്തലത്തിലെ പ്രവർത്തനങ്ങൾ**

കൊറോണ മഹാമാരിയെ ചെറുക്കുന്നതിന്റെ ഭാഗമായി ലോക്ഡൗണിൽ സമൂഹം ആയിരിക്കുമ്പോൾ യൂണിറ്റ്, ഫൊറോന തലങ്ങളിൽ പ്രാദേശിക കാരുണ്യ പ്രവർത്തികൾ തുടരുകയും, ഒപ്പം ഗ്ലോബൽ, അതിരൂപത നേതൃത്വത്തിന്റെ പൊതുപ്രവർത്തനങ്ങളുമായ് കത്തോലിക്ക കോൺഗ്രസ് ക്രിയാത്മക പ്രവർത്തനങ്ങളുമായ് മുന്നോട്ട്

പാരിഷ് അതിർത്തിയിൽ ലോക്ഡൗണിന്റെ ഭാഗമായി പുറത്തിറങ്ങാൻ

സാധിക്കാത്ത അവശർക്കും അശരണർക്കും ഭക്ഷണം, മരുന്ന് തുടങ്ങിയവ എത്തിച്ചു നൽകുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മദ്യം പൂർണ്ണമായി നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിൽഅസ്വസ്ഥരാകുന്ന വ്യക്തികളെ കണ്ടെത്തി എക്സൈസ്സ് വകുപ്പിന്റെ സഹകരണത്തോടെ ഡി– അഡിഷൻ സെന്ററുകളിൽ ചികിത്സക്കായി എത്തിച്ചു വരുന്നു.

പച്ചക്കറി തോട്ടങ്ങൾ വീടിനോട് ചേർന്ന് ഒരുക്കുകയും യൂണിറ്റ്, ഫൊറോന, രൂപത, ഗ്ലോബൽ തലങ്ങളിലായി നടത്തപ്പെടുന്ന മത്സരങ്ങൾക്കായി പച്ചക്കറിതോട്ട നിർമ്മാണവുമായി മുന്നോട്ടുപോകുന്നു.

വലിയ ആഴ്ചയിലെ പ്രധാന ദിവസങ്ങളിൽ ചില സർക്കാർ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനുള്ള നീക്കങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിഷേധം ഭരണാധികാരികളെ അറിയിച്ചുകൊണ്ട് അത്തരം നീക്കങ്ങളെ ഇല്ലാതാക്കാൻ സാധിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




1. **2,50,000 മാസ്കുകൾ നിർമ്മിച്ചു**

   കോവിഡ് 19 വ്യാപനം തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നുഘട്ടമായി തൃശ്ശൂർ അതിരൂപത കെ. സി. വൈ. എം. സംഘടനയും സാന്ത്വനവും ചേർന്ന് 2,50,000 മാസ്കുകൾ നിർമ്മിച്ചു നൽകി. തൃശ്ശൂർ അതിരൂപതയിലെ വിവിധ മഠങ്ങളിലെ സിസ്റ്റേഴ്സും യുവജനങ്ങളും യുവജനങ്ങളുടെ അമ്മമാരുമാണ് പ്രസ്തുത പ്രയത്നത്തിന് സഹായമായത്. സേക്രഡ് ഹാർട്ട് സ്കൂൾ, തൃശ്ശൂർ

ആർ. ടി. ഒ. ഓഫീസ്, തൃശ്ശൂർ ജില്ലാ ആശുപത്രി, പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ആശുപത്രി, ജൂബിലി മിഷൻ ആശുപത്രി, അമല ആശുപത്രി, ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രി, ചൂണ്ടൽ സെന്റ് ജോസഫ്സ് ആശുപത്രി, മാനന്തവാടി രൂപതയിലെ സെന്റ് ജോസഫ്സ് ആശുപത്രി, വേലൂർ ആശുപത്രി, ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ആശുപത്രി, ഹെൽത്ത് സെന്റർ എന്നീ ആരോഗ്യമേഖലകളിലും പാലക്കാട് രൂപതയിലെ വിവിധ ഇടവകകളിലും എച്ച്. ഡി. എഫ്. സി. ബാങ്ക്, ഈസ്റ്റ് ഫോർട്ട് – ശക്തൻ സ്റ്റാൻഡ് എന്നിവിടങ്ങളിലെ ടാക്സി ഡ്രൈവർമാരായ സഹോദരങ്ങൾക്കും തൃശ്ശൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിലെ ഫയർ & റെസ്ക്യൂ ഓഫീസുകളിലും വടക്കാഞ്ചേരി, ചേലക്കര, പഴയന്നൂർ ഓഫീസ് സ്റ്റേഷനുകളിലും തൃശ്ശൂർ ദീപിക യൂണിറ്റിന്റെ ഓഫീസിലും തൃശ്ശൂർ സെന്റ് തോമസ് കോളേജ്, കുർക്കഞ്ചേരി കെ. എസ്. ഇ. ബി. ഓഫീസിലും മാസ്കുകൾ വിതരണം ചെയ്തു. അതിരൂപത കെ. സി. വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, കെ. സി. വൈ. എം. പ്രസിഡന്റ് സാജൻ ജോസ്, സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, മറ്റു സെക്രട്ടേറിയറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ഗാനമത്സരം നടത്തി

2. **ഭക്തിഗാനമത്സരം Stay Home - Stay Tune**

വീടുകളിലായിരുന്നുകൊണ്ട് 350–ഓളം യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത കെ. സി. വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, കെ.സി.വൈ.എം. പ്രസിഡന്റ് സാജൻ ജോസ്, സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, മറ്റു സെക്രട്ടേറിയറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

3. **കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ക്വിസ്സ് മത്സരം**

ലോക്ഡൗണിന്റെ കാലഘട്ടത്തിൽ യുവജനങ്ങളെ പ്രവർത്തന നിരതരാക്കുന്നതിനുവേണ്ടി അതിരൂപതയിലെ യുവജനങ്ങളെ കോർത്തിണക്കി 2019ലെ കെ. സി. വൈ. എം. ന്റെ പ്രവർത്തനങ്ങളെ ആസ്പദമാക്കി അതിരൂപതാതല ക്വിസ്സ് മത്സരം നടത്തി, എഴുന്നൂറോളം പേർ പങ്കെടുത്തു. ശരിയുത്തരം അയച്ചവരിൽ നിന്ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, കെ. സി. വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, സി. എസ്. എം. പ്രൊവിൻഷ്യൽ

സുപ്പീരിയർ സി. ജിയോ മരിയയും ചേർന്ന് നറുക്കെടുപ്പിലൂടെ വിജയികളെ തെരഞ്ഞെടുത്തു.

ഒന്നാം സമ്മാനം

അഞ്ജന–ചിറക്കൽ ഇടവക–പഴുവിൽ ഫൊറോന

രണ്ടാം സമ്മാനം

അഞ്ജു–കുണ്ടന്നൂർ ഇടവക–വടക്കാഞ്ചേരി ഫൊറോന

മൂന്നാം സമ്മാനം

ജെസി–കുണ്ടന്നൂർ ഇടവക– വടക്കാഞ്ചേരി ഫൊറോന

കെ. സി. വൈ. എം. പ്രസിഡന്റ് സാജൻ ജോസ്, സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, ജിഷാദ് ജോസ്, ജിയോ മാഞ്ഞൂരാൻ എന്നിവർ നേതൃത്വം നൽകി.

4. **പോലീസ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം**

അതിരൂപത കെ. സി. വൈ. എം. ന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് അംഗം ജിയോ ജോണിന് മകനുണ്ടായതിന്റെ സന്തോഷത്തിൽ, വെയിലും മഴയും അവഗണിച്ച് വീടുകളിൽ പോകാതെ കോവിഡ് കാലത്ത് സമൂഹത്തിനായി തങ്ങളുടെ സേവനം കാഴ്ചവയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും (വടക്കാഞ്ചേരി, മുളങ്കുന്നത്തുകാവ്) ആരോഗ്യവകുപ്പിലെ അംഗങ്ങൾക്കും ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു.

അതിരൂപത കെ. സി. വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർ ഫാ. ഫെബിൻ കൂത്തൂർ, കെ. സി. വൈ. എം. പ്രസിഡന്റ് സാജൻ ജോസ്, സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, ജിഷാദ് ജോസ്, എൻ. വി. വില്ല്യംസ്, ബിബിൻ കരുമത്ര, വടക്കാഞ്ചേരി ഫൊറോന യൂണിറ്റുകളുടെ സഹകരണത്തോടെയാണ് പദ്ധതി പ്രാവർത്തികമാക്കിയത്.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ ജോയ്** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |



കോവിഡ് 19 സാഹചര്യത്തിൽ സാമൂഹ്യ അടുക്കളയിലേക്ക് തൃശൂർ അതിരൂപത സമ്മാനിക്കുന്ന 101 ചാക്ക് അരി
ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തും സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലും ചേർന്ന്
മന്ത്രിമാരായ എ.സി. മൊയ്തീനും വി.എസ്. സുനിൽകുമാറിനും കൈമാറുന്നു (18 ഏപ്രിൽ 2020).

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2020
**May- 2020**

**മെയ് 1ന്**
**മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന**
**മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും**
**മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിനും**
**തൃശൂർ അതിരൂപത മക്കളുടെ**
**പ്രാർത്ഥനാശംസകൾ**



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor